ചരിത്രവിഭാഗം ഗവൺമെന്റ് കോളേജ് അദ്ധ്യാപകരുടെ ഔട്ട്സ്റ്റേഷൻ സർവ്വീസും സ്ഥലംമാറ്റവും

132 [5114] ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് കോളേജുകളിലെ ചരിത്രവിഭാഗം അദ്ധ്യാപകരുടെ 2003-ലെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ ആരുടെയെങ്കിലും ഔട്ട്സ്റ്റേഷൻ സർവ്വീസ്, ഔദ്യോഗിക രേഖകളിൽ തെറ്റായി രേഖപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ നിന്നും സ്ഥലം മാറ്റിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) 1999-ൽ പ്രസിദ്ധീകരിച്ച ഔട്ട്സ്റ്റേഷൻ സർവ്വീസ് കാലയളവ് തനിക്ക് അർഹതപ്പെട്ട കാലയളവിനേക്കാൾ കുറവാണെന്ന് കാണിച്ച് ശ്രീ. പി. കെ. രവീന്ദ്രൻ എന്ന ചരിത്ര അദ്ധ്യാപകൻ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത അദ്ധ്യാപകന്റെ തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള 2003-ലെ സ്ഥലംമാറ്റം ശരിയായ ഔട്ട്സ്റ്റേഷൻ സർവ്വീസ് ആഫീസ് റെക്കോർഡിൽ രേഖപ്പെടുത്താത്തതുകൊണ്ടായിരുന്നു എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) അനുകമ്പാർഹമായ കാരണങ്ങളാലുള്ള സ്ഥലംമാറ്റം ഒഴിച്ച് പ്രസ്തുത സ്ഥലംമാറ്റ ഉത്തരവ് പ്രകാരം എത്ര കാലം വരെ ഔട്ട്സ്റ്റേഷൻ സർവ്വീസുള്ള (വെയ്റ്റേജ് ഉൾപ്പെടെ) അദ്ധ്യാപകർക്കാണ് സ്ഥലംമാറ്റം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ നിന്നും മറ്റു ജില്ലകളിലേക്ക് സ്ഥലംമാറ്റം നൽകപ്പെട്ടിട്ടുള്ള അദ്ധ്യാപകരിൽ ഏറ്റവും കൂടുതൽ ഔട്ട്സ്റ്റേഷൻ സർവ്വീസുള്ള (വെയ്റ്റേജ് ഉൾപ്പെടെ) അദ്ധ്യാപകന്റെ പേരും കൃത്യമായ ഔട്ട്സ്റ്റേഷൻ കാലയളവും വെളിപ്പെടുത്തുമോ;

(ജി) പ്രസ്തുത ഉത്തരവ് പ്രകാരം സ്ഥലംമാറ്റം ലഭിച്ച ശ്രീമതി കവിത ട്രീസ, ശ്രീ. പി. കെ. രവീന്ദ്രൻ എന്നിവരുടേയും അനോമലി റെക്റ്റിഫിക്കേഷൻ ഓർഡർ പ്രകാരം സ്ഥലംമാറ്റം ലഭിച്ച ശ്രീമതി പി. സരോജിനിയുടെയും കൃത്യമായ ഔട്ട്സ്റ്റേഷൻ സർവ്വീസ് (വെയ്റ്റേജ് ഉൾപ്പെടെ) കാലയളവ് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഔട്ട്സ്റ്റേഷൻ സർവീസ് തെറ്റായി രേഖപ്പെടുത്തി ആരേയും സ്ഥലം മാറ്റിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. ഔട്ട്സ്റ്റേഷൻ സർവ്വീസ് കുറവായി എടുത്ത് തന്നെ സ്ഥലം മാറ്റിയതായി ശ്രീ. രവീന്ദ്രൻ, പി. കെ., ലക്ചറർ (സെലക്ഷൻ ഗ്രേഡ്) പരാതി സമർപ്പിച്ചിട്ടുണ്ട്.

(സി) പരാതി നൽകിയിട്ടുണ്ട്. ശ്രീ. രവീന്ദ്രൻ സമർപ്പിച്ച വിവരങ്ങൾ വിശദമായി പരിശോധിച്ചതിൽ അദ്ദേഹത്തിന് 9 വർഷവും 6 മാസവും 3 ദിവസവും ഔട്ട്സ്റ്റേഷൻ സർവ്വീസ് ഉള്ളതായിട്ടാണ് കാണുന്നത്. പരാതിക്ക് അദ്ധ്യാപകന് മറുപടി നൽകുന്നതാണ്.

(ഡി) ശ്രീ. പി. കെ. രവീന്ദ്രന്റെ തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള 2003-ലെ സ്ഥലം മാറ്റം ശരിയായ ഔട്ട്സ്റ്റേഷൻ സർവ്വീസ് കണക്കാക്കിയാണ്. ശ്രീ. രവീന്ദ്രനുപകരം വരുന്ന അദ്ധ്യാപകന് 10 വർഷവും 9 മാസവും 25 ദിവസവും ഔട്ട്സ്റ്റേഷൻ സർവ്വീസുണ്ട്.

(ഇ) 10 വർഷവും 5 മാസവും 14 ദിവസവും ഔട്ട്സ്റ്റേഷൻ സർവ്വീസുള്ളവർക്ക് വരെ ആദ്യ സ്ഥലമാറ്റ ഉത്തരവിൽ തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

(എഫ്) ശ്രീ. ശിവൻകുട്ടി, ലക്ചറർ (സെലക്ഷൻ ഗ്രേഡ്) യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം എന്ന അദ്ധ്യാപകനാണ് ഏറ്റവും കൂടുതൽ ഔട്ട്സ്റ്റേഷൻ സർവ്വീസുള്ളത്. 9 വർഷവും 6 മാസവും 22 ദിവസവും.

(ജി) (1) ശ്രീമതി കവിതാ ട്രീസ, 10 വർഷവും, 5 മാസവും, 14 ദിവസവും.

(2) ശ്രീ. പി. കെ. രവീന്ദ്രൻ, 9 വർഷവും, 8 മാസവും, 3 ദിവസവും.

(3) ശ്രീമതി പി. സരോജിനി, 9 വർഷവും, 8 മാസവും, 24 ദിവസവും.

ലോകബാങ്ക് സഹായത്തോടെയുള്ള ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം

133 [5115] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെയുള്ള ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന് തെരഞ്ഞെടുക്കപ്പെട്ട കോളേജുകൾ സ്വയംഭരണ സ്ഥാപനങ്ങളായിരിക്കണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ വരുന്ന എറണാകുളം, ചെങ്ങന്നൂർ എന്നിവയ്ക്കും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനും ഈ പദ്ധതിയിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് സഹായം ലഭിച്ചു;

(സി) പ്രസ്തുത കോളേജുകൾക്ക് പൂർണ്ണ സ്വയംഭരണ പദവി നൽകിയോ;

(ഡി) ഇല്ലെങ്കിൽ ഈ കോളേജുകൾക്ക് അക്കാദമിക്-ഭരണ-ധനപരമായ സ്വയംഭരണ പദവി നൽകാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) ഈ സഹായം ലഭിച്ചതിനുശേഷം ഐ.എച്ച്.ആർ.ഡി.-യിൽ നിന്ന് പ്രോജക്ട് സ്ഥാപനങ്ങളെ വേർപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly